## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3925 — 21/06/2019-ൽ മറുപടിക്ക്

## ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് കാലതാമസം

| | ചോദ്യം<br><br>**ശ്രീ.സി. കൃഷ്ണൻ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകൾ വീതികൂട്ടി ടാർ ചെയ്യുന്ന ഘട്ടത്തിൽ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ചില സ്ഥലങ്ങളിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക മുൻകൂർ അടച്ചാലും നിലവിൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (ബി) | ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ എസ്റ്റിമേറ്റ് തുക അടയ്ക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നിർദ്ദേശങ്ങൾ നൽകുന്നതാണ്. |
| (സി) | പുതിയ പോസ്റ്റുകൾ ആവശ്യാനുസരണം ലഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും കാലതാമസം നേരിടുന്നുണ്ടോ എന്നറിയിക്കാമോ? | (സി) | മഴക്കാലക്കെടുതിയിലും പ്രളയത്തിലും ഉണ്ടായ നാശനഷ്ടങ്ങളോടനുബന്ധിച്ച് ധാരാളം പ്രീ-സ്ട്രെസ്ഡ് കോൺക്രീറ്റ് പോസ്റ്റുകൾക്ക് കേടുപാടുകൾ സംഭവിച്ചിരുന്നു. അവ മാറ്റി സ്ഥാപിക്കേണ്ടി വന്നതിനാൽ ധാരാളം പോസ്റ്റുകൾ ആവശ്യമായി വന്നു. പ്രസ്തുത ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി അഡീഷണൽ ഓർഡറുകൾ നിലവിലുള്ള കരാറുകാർക്ക് നൽകുകയും കോൺക്രീറ്റ് പോസ്റ്റുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിന് വേണ്ടതായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പുതിയ പ്രീ-സ്ട്രെസ്ഡ് കോൺക്രീറ്റ് പോസ്റ്റുകൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>10 മീറ്റർ, 11 മീറ്റർ, 12 മീറ്റർ, 13 മീറ്ററിന്റെ ഫാബ്രിക്കേറ്റ് ചെയ്ത എ-പോളുകൾ ഗാൽവനൈസ് ചെയ്ത് ലഭ്യമാക്കുന്നതിന് കേരളത്തിൽ സംവിധാനമില്ല. തമിഴ്നാട്ടിലുള്ള കമ്പനിയാണ് ഗാൽവനൈസിംഗ് ജോലികൾ |

| | | | |
|---|---|---|---|
| | | | ചെയ്തു വരുന്നത്. കെ.എസ്.ഇ.ബി ലിമിറ്റഡ് ഫാബ്രിക്കേറ്റ് ചെയ്ത എ-പോളുകൾ ഗാൽവ നൈസ് ചെയ്യാൻ കാലതാമസം നേരിടുന്ന തിനാൽ എ-പോളുകൾക്ക് ക്ഷാമം നേരിട്ടു ന്നുണ്ട്. പുതിയ കരാറിലൂടെ ഗാൽവനൈസ് ചെയ്ത എ-പോളുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ